# ആമുഖം

വിവിധങ്ങളായ വിജ്ഞാനമണ്ഡലങ്ങളെ ഏകോപിപ്പിക്കാനും വ്യതിരിക്തതകൾ തിരിച്ചറിയാനും പുതിയൊരു ജ്ഞാനം ഉരുത്തിരിക്കാനും ഗവേഷണങ്ങൾക്കു കഴിയണം. അതുപോലെ ഗവേഷണം ശാസ്ത്രത്തിലായാലും ഭാഷയിലായാലും സാഹിത്യത്തിലായാലും സാമൂഹിക നന്മയ്ക്ക് ഉതകുന്നതും ജനാധിപത്യപരവും ആകണം. അത്തരം ഗവേഷണങ്ങൾ സാർവ്വകാലികങ്ങളും സാർവ്വജനീനവുമായിരിക്കും.

കേരളസംസ്കാരം, ചരിത്രം, നവോത്ഥാനം, സാഹിത്യം, വ്യക്തികൾ, പ്രവണതകൾ, പ്രസ്ഥാനങ്ങൾ എന്നിങ്ങനെയുള്ള വിഷയങ്ങൾ ഉൾപ്പെടുത്തി 'കേരളീയചിന്തകൾ' എന്ന തലക്കെട്ടിൽ കെ.കെ.റ്റി.എം. ഗവൺമെന്റ് കോളേജ് മലയാളവിഭാഗം 2016 നവംബർ 15, 16 തിയതികളിൽ ദ്വിദിനദേശീയ സെമിനാർ നടത്തുകയുണ്ടായി. സെമിനാറിന്റെ ഭാഗമായി ഗവേഷണപ്രബന്ധങ്ങൾ ക്ഷണിച്ചിരുന്നു. 64 പ്രബന്ധങ്ങൾ വിവിധ കോളേജുകളിലെ അദ്ധ്യാപകരിൽനിന്നും ഗവേഷകരിൽനിന്നുമായി ലഭിച്ചു. അതിൽനിന്നും ഏറ്റവും മേന്മയേറിയവ തെരഞ്ഞെടുക്കുന്നതിനായി മലപ്പുറം ഗവൺമെന്റ് കോളേജ് മലയാളവിഭാഗം അദ്ധ്യാപകനായ ഡോ: ജമീൽ അഹമ്മദിനെ ഏല്പിച്ചു. അദ്ദേഹം തെരഞ്ഞെടുത്ത ലേഖനങ്ങളാണ് ഈ ലക്കം 'മലയാളപ്പച്ച'യിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്നത്.

26 പ്രബന്ധങ്ങളാണ് ഇതിലുള്ളത്. (ലേഖനങ്ങളെക്കുറിച്ചുള്ള അവലോകനം അനുബന്ധമായി ചേർത്തിട്ടുണ്ട്). പ്രഗത്ഭരായ അദ്ധ്യാപകരുടെയും ഗവേഷകരുടെയും രചനകളാണിവ. ഏറ്റവും അഭിമാനകരമായ ഒരു സംഗതി, കേരള സർവ്വകലാശാല ഹസ്തലിഖിത ഗ്രന്ഥശാലയിൽ സൂക്ഷിച്ചിരിക്കുന്ന 'അഗസ്ത്യയോഗസാരം കിളിപ്പാട്ട്' എന്ന കാവ്യം

ആദ്യമായി പ്രസിദ്ധീകരിക്കുന്നത് ഈ മലയാളപ്പച്ചയിൽ ആണെന്ന താണ്. പത്തുപുറങ്ങളിലായി 96 ഈരടികൾ ഉൾക്കൊള്ളുന്ന പ്രസ്തുതര ചനയുടെ കർത്താവ് നാരായണൻ രാമൻപിള്ളയാണെന്ന് ഗ്രന്ഥാരംഭ ത്തിൽ ചൂണ്ടിക്കാട്ടുന്നു. ഗ്രന്ഥം നമ്പർ 987-ആയി ഹസ്തലിഖിത ഗ്രന്ഥ ശാലയിൽ സൂക്ഷിച്ചിരിക്കുന്ന 'അഗസ്ത്യ യോഗസാരം കിളിപ്പാട്ടി'ന്റെ സമ്പാദനവും പഠനവും നടത്തിയിരിക്കുന്നത് നിലമേൽ എൻ.എസ്. എസ്.കോളേജ് മലയാളവിഭാഗം അദ്ധ്യാപകൻ ഡോ: ലാലു എസ്. കുറുപ്പാണ്.

കേരളീയചിന്തകളെ സംബന്ധിച്ച സെമിനാറിലെ 'റിസോഴ്സ് പേ ഴ്സൺസ്' ആയിരുന്ന കോഴിക്കോട് സർവ്വകലാശാല മലയാളവിഭാഗം അദ്ധ്യാപകനായ ഡോ. കെ.എം.അനിൽ, കാലടി സർവ്വകലാശാല തിരൂർ പ്രാദേശിക കേന്ദ്രം അസ്സോസിയേറ്റ് പ്രൊഫസർ ഡോ: പി. പവിത്രൻ, കാലടി സർവ്വകലാശാല കൊയിലാണ്ടി പ്രാദേശികകേന്ദ്രം അസോസിയേറ്റ് പ്രൊഫസർ ഡോ: പ്രദീപൻ പാമ്പിരികുന്ന് എന്നി വരുടെ പ്രബന്ധങ്ങൾ ഈ ജേർണലിലുണ്ട്. അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞ ശ്രീ. പ്രദീപൻ പാമ്പിരികുന്നിന്റെ പ്രഭാഷണം പകർത്തി പ്രബന്ധമാക്കിയത് അദ്ദേഹത്തിന്റെ ഭാര്യ ഡോ: സജിത കിഴിനിപ്പു റത്താണ്. കുറഞ്ഞകാലംകൊണ്ടുതന്നെ എഴുത്തിന്റെ ഉന്നതമായ മേഖലയിൽ പ്രതിഷ്ഠിതനായിരുന്നു ശ്രീ. പ്രദീപൻ. അദ്ദേഹത്തിന്റെ വാക്കുകൾ ഇതിൽ ഉൾക്കൊള്ളിക്കുവാൻ കഴിഞ്ഞതിൽ വളരെ അഭിമാനമുണ്ട്; ഒപ്പം ആ വേർപാടിൽ വേദനയും. ആ സർഗ്ഗധനന് ആദരാഞ്ജലികൾ.

കെ.കെ.റ്റി.എം. ഗവൺമെന്റ് കോളേജ് മലയാളവിഭാഗം പ്രസിദ്ധീ കരിക്കുന്ന 'മലയാളപ്പച്ച റിസർച്ച് ജേർണലി'ന്റെ നാലാം ലക്കമാണി ത്. രണ്ടു വർഷം പിന്നിടുന്ന ഈ വേളയിൽ 'മലയാളപ്പച്ച'യുടെ പച്ച പ്പിനായി യത്നിച്ച ഓരോ വ്യക്തിയെയും കൃതജ്ഞതയോടെ സ്മരിക്കു ന്നു. ലേഖനങ്ങൾ അയച്ചുതന്ന 64 പേരോടും ഈ സംരംഭത്തിൽ പങ്കു ചേർന്നതിന് നന്ദിയുണ്ട്. ലേഖനങ്ങൾ പരിശോധിച്ച് പഠനം നല്കിയ ജമീൽ അഹമ്മദിന്, ഏറ്റെടുത്ത ജോലി കൃത്യമായി ചെയ്തുതന്നതിന് ഹൃദയം നിറഞ്ഞ നന്ദി. കെ.കെ.റ്റി.എം. ഗവൺമെന്റ് കോളേജ് പ്രിൻ സിപ്പാൾ ശ്രീമതി. ലേഖാഗണേഷ്, മലയാളവിഭാഗം അദ്ധ്യാപകർ, ഡോ: സജിത കിഴിനിപ്പുറത്ത്, പുസ്തകത്തിന്റെ ലേ ഔട്ട്, കവർ തയ്യാ റാക്കിയ ശ്രീ. അശോക്കുമാർ, വിബ്ജിയോർപ്രിന്റിങ് പ്രസ്സ് തുടങ്ങി 'മലയാളപ്പച്ച'യ്ക്കുവേണ്ടി പ്രവർത്തിച്ച ഏവർക്കും നന്ദി.

വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഭാഷാതല്പരർക്കും ഒരുപോലെ പ്രയോജനപ്രദവുംവിജ്ഞാനദായകവുമായ ഒരു പുസ്തകംകൂടി പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതിലെ സന്തോഷം പങ്കുവെച്ചുകൊണ്ട് വിമർശനങ്ങൾക്കും പഠനങ്ങൾക്കും പഠനാനന്തരവായനകൾക്കുമായി സമർപ്പിക്കുന്നു.

പുല്ലൂറ്റ്, ഡോ: ഗംഗാദേവി എം.

20-02-2017. ഇഷ്യൂ എഡിറ്റർ & മലയാളവിഭാഗം മേധാവി